**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3856** **09-10-2025 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി. ഡിപ്പോകളിലെ കെട്ടിടങ്ങളും സ്റ്റാളുകളും വാടകയ്ക്ക് നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ. എസ്. ആർ. ടി. സി. ഡിപ്പോകളിൽ വാണിജ്യാവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്റ്റാളുകൾ എന്നിവ എവിടെയെല്ലാം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യ്ക്ക് ആകെ 16 വാണിജ്യസമുച്ചയങ്ങൾ ഉണ്ട്. ഇതിൽ പത്തനംതിട്ട, തൊടുപുഴ, മൂവാറ്റുപുഴ, ആലുവ എന്നിവയിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിൽ നിന്ന് പ്രവർത്തന അനുമതിക്കായുള്ള നമ്പർ ലഭിച്ചിട്ടില്ലാത്തതിനാൽ ഒഴിഞ്ഞു കിടക്കുന്നു.<br><br>12 വാണിജ്യ സമുച്ചയങ്ങളിൽ ആകെ 443 ഷോപ്പുകൾ ഉണ്ട്. ഇതിൽ നിലവിൽ 72 ഷോപ്പുകൾ മാത്രം ഒഴിഞ്ഞു കിടക്കുന്നു.<br><br>പ്രസ്തുത 72 ഷോപ്പുകളിൽ 46 എണ്ണം ഒഴികെയുള്ളവ ലൈസൻസ് കാലാവധി പൂർത്തിയായമുറക്ക് ഒഴിഞ്ഞവയും ആയവ എത്രയും പെട്ടെന്ന് ലേലം/ ടെണ്ടർ ചെയ്തു നൽകാൻ കഴിയുന്നവയുമാണ്.<br><br>വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഇത്തരത്തിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളും സ്റ്റാളുകളും വാടകയ്ക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | നമ്പർ ലഭിച്ചിട്ടില്ലാത്ത സമുച്ചയങ്ങളിൽ നമ്പർ ലഭിക്കുന്നതിന് വേണ്ട നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ഒഴിഞ്ഞു കിടക്കുന്ന വാണിജ്യ സമുച്ചയങ്ങളിലെ ഷോപ്പുകൾ വാടകയ്ക്ക് നൽകുന്നതിനായി ടെണ്ടർ വിവരങ്ങൾ സോഷ്യൽ മീഡിയ, ന്യൂസ് പേപ്പർ, ഫ്ളക്സുകൾ, നോട്ടീസുകൾ എന്നിവ മുഖാന്തരം വിപുലമായി പരസ്യം ചെയ്യുകയും ലേലം/ടെണ്ടർ നടപടികൾ യഥാസമയം നടത്തുകയും ചെയ്യുന്നുണ്ട്. കൂടുതൽ vendors-നെ ആകർഷിക്കുന്നതിലേയ്ക്ക് EMD, IFSD എന്നിവ ഗണ്യമായി കുറയ്ക്കുകയും BASE റേറ്റ് സാധാരണക്കാർക്ക് സ്വീകാര്യമായ രീതിയിൽ നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഒഴിഞ്ഞു കിടക്കുന്ന കടകൾക്ക് ലൈസൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇത്തരം വാണിജ്യാവശ്യങ്ങൾക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ, സ്റ്റാളുകൾ എന്നിവയിൽ നിന്നും പ്രതിമാസം ശരാശരി എത്ര തുകയുടെ വരുമാനമാണ് കെ. എസ്. ആർ. ടി. സി.-ക്ക് ലഭിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി.യുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ, സ്റ്റാളുകൾ എന്നിവയിൽ നിന്നും പ്രതിമാസം ഉദ്ദേശം 97,50,448/- (തൊണ്ണൂറ്റി ഏഴ് ലക്ഷത്തി അൻപതിനായിരത്തി നാന്നൂറ്റി നാൽപത്തി എട്ട് രൂപ മാത്രം) രൂപ വരുമാനമായി ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

**Active Projects**

| Sl No. | NAME OF UNIT | TOTAL SHOPS | TOTAL OCCUPIED SHOPS | VACANT SHOPS |
|---|---|---|---|---|
| 1 | NEYYATTINKARA | 41 | 38 | 3 |
| 2 | NEDUMANGAD | 45 | 43 | 2 |
| 3 | KATTAKKADA | 37 | 33 | 4 |
| 4 | KOTTARAKKARA | 34 | 30 | 4 |
| 5 | CHERTHALA | 9 | 8 | 1 |
| 6 | HARIPPAD | 27 | 6 | 21 |
| 7 | PALA | 20 | 15 | 5 |
| 8 | MALAPPURAM | 14 | 13 | 1 |
| 9 | NILAMBUR | 36 | 36 | 0 |
| 10 | KANNUR | 36 | 34 | 2 |
| 11 | PAYYANNUR | 40 | 31 | 9 |
| 12 | KASARGOD | 104 | 84 | 20 |
| | TOTAL | **443** | **371** | **72** |

**On Going Projects**
**(Not obtained building number)**

| Sl No. | NAME OF UNIT |
|---|---|
| 1 | PATHANAMTHITTA |
| 2 | THODUPUZHA |
| 3 | MUVATTUPUZHA |
| 4 | ALUVA |

Estate officer